(Pages : 3) **L – 2659**

Reg. No. : ..............................

Name : ..................................

## Fourth Semester B.A. Degree Examination, May 2021

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Core Course VI

## MX 1441 : മലയാളസാഹിത്യനിരൂപണം

## (2018 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1. ഫ്രോയിഡിയൻ കലാസിദ്ധാന്തങ്ങളുടെ പരിമിതി ചൂണ്ടിക്കാണിക്കുന്ന കേസരിയുടെ ലേഖനം.

2. ഒരു കൃതിയെ പുരോഗമനാത്മകമാക്കുന്ന പ്രധാന ഘടകം.

3. നിരൂപണം പക്ഷപാതപരമായിരിക്കും എന്ന് പറഞ്ഞ നിരൂപകൻ.

4. 'നനയാതെ മീൻ പിടിക്കാമോ' എന്ന നിരൂപണകൃതിയുടെ കർത്താവ്.

5. എം.എൻ. വിജയന്റെ അഭിപ്രായത്തിൽ നിരൂപണസാഹിത്യത്തെ മരിക്കാതെ നിർത്തുന്ന ഘടകം ഏതാണ്?

6. 'വിനോദചിന്താമണി' എന്ന നാടകക്കമ്പനി നടത്തിയിരുന്ന ആദ്യകാല നിരൂപകൻ ആര്?

7. മലയാളത്തിലെ ആദ്യവൃത്താന്തപത്രം.

P.T.O.

St. Xaviers College, Thumba

8. 'കവികൾ നിരൂപണരംഗത്ത്' എന്ന കൃതിയുടെ കർത്താവ്.

9. സ്പന്ദിക്കുന്ന അസ്ഥിമാടത്തിന്റെ അവതാരിക ആരുടേത്?

10. ചങ്ങമ്പുഴക്കവിതയെ 'മിഠായിക്കവിതകൾ' എന്ന് വിശേഷിപ്പിച്ചത് ആര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. കേസരിയുടെ അഭിപ്രായത്തിൽ സാഹിത്യം കാലാതിവർത്തിയാകണമെങ്കിൽ എന്തു ചെയ്യണം?

12. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ലക്ഷ്യം എന്തായിരുന്നു?

13. ആധുനികവിദ്യാഭ്യാസത്തെ എം.എൻ. വിജയൻ നിർവ്വചിക്കുന്നത് എങ്ങനെ?

14. 'മഞ്ഞ്' എം.ടി.യുടെ ഇതരനോവലുകളിൽ നിന്ന് ഭിന്നമാകുന്നത് എങ്ങനെ?

15. സാഹിത്യസൃഷ്ടിയുടെ ഉറവിടങ്ങൾ ഏതൊക്കെ?

16. 'സാഹിത്യം വിദ്യയാണ്' എന്ന മാരാരുടെ അഭിപ്രായം വിശദീകരിക്കുക.

17. നിരൂപണസിദ്ധിയുടെ ഏറ്റവും പ്രബലമായ ഘടകം ഏതാണ്?

18. പ്രാസവാദത്തിൽ സി.പി. അച്യുതമേനോന്റെ നിലപാട് എന്തായിരുന്നു?

19. ഗദ്യസാഹിത്യവളർച്ചയ്ക്ക് 'ജ്ഞാനനിക്ഷേപം' നൽകിയ സംഭാവന എന്ത്?

20. ഭാഷാപോഷിണി സഭയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

21. 'വിഡംബന വിമർശനം' എന്നാലെന്ത്?

22. മലയാളനിരൂപണത്തിന് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സംഭാവന എന്തായിരുന്നു?

**(8 × 2 = 16 Marks)**

St. Xaviers College, Thumba

III. **നൂറ്റിയിരുപത്** വാക്കിൽ കുറയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സാഹിത്യനിരൂപണത്തിന്റെ പ്രയോജനം എന്ത്?

24. 'സംഗീതകലയുമായുള്ള ബന്ധമാണ് മഞ്ഞിനെ ലയമുള്ള കലാസൃഷ്ടിയാക്കി മാറ്റുന്നത്' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

25. 'പുരോഗമന സാഹിത്യപ്രസ്ഥാനം ഒരു ഉപപ്രസ്ഥാനമല്ല; പ്രസ്ഥാനമാണ്' - വിലയിരുത്തുക.

26. വർത്തമാനകാലനിരൂപണത്തിന്റെ അപചയകാരണങ്ങളായി എം.എൻ. വിജയൻ ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാമാണ്?

27. 'നിരൂപകത്രയം' - വിശദീകരിക്കുക.

28. സുകുമാർ അഴീക്കോടിന്റെ കവിതാവിമർശനത്തെ വിലയിരുത്തുക.

29. ആധുനികനിരൂപണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

30. മലയാളസാഹിത്യവിമർശനത്തിന്റെ വളർച്ചയിൽ പത്രമാസികകളുടെ പങ്ക് വിശദീകരിക്കുക.

31. 'പണ്ഡിതനും ഗവേഷകനുമായിരുന്ന നിരൂപകനാണ് സാഹിത്യപഞ്ചാനനൻ പി.കെ. നാരായണ പിള്ള' - വിശദമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'മലയാള നിരൂപണത്തെ സാമൂഹികദർശനത്തിനും കലാസൗന്ദര്യത്തിനും തുല്യമായി പങ്കിട്ടുകൊടുത്ത നിരൂപകനാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി.' ശരിയോ? തെളിയിക്കുക.

33. 'യുക്തിവിചാര കൗശലമാണ് കുട്ടികൃഷ്ണമാരാരുടെ നിരൂപണത്തിന്റെ സവിശേഷത.' വാല്മീകിയുടെ രാമനെ മുൻനിർത്തി പരിശോധിക്കുക.

34. പ്രസന്നരാജൻ, എസ്. ശാരദക്കുട്ടി എന്നിവരുടെ നിരൂപണത്തിലെ മൗലികമായ കാഴ്ചപ്പാടുകൾ പാഠഭാഗങ്ങളെ മുൻനിർത്തി വിശദീകരിക്കുക.

35. 'മനുഷ്യാവസ്ഥയെക്കുറിച്ചുള്ള കാല്പനികധ്യാനങ്ങളാണ് എം.ടി. യുടെ കൃതികൾ'. പ്രസ്താവന യുടെ സാംഗത്യം പരിശോധിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba